**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 21

# വാർത്താക്കുറിപ്പ്

---

## ധാരണാപത്രം ഒപ്പിട്ടു

എം.ജി. സർവ്വകലാശാലയും സെൻട്രൽ ട്രാവൻകൂർ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും വിദ്യാർത്ഥി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ധാരണാപത്രത്തിൽ ഒപ്പ വച്ചു. വിദ്യാർത്ഥികളുടെ നവീന ആശയങ്ങളെ വ്യവസായ ആവശ്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ സഹായ സഹകരണങ്ങൾ ആണ് ഇതുവഴി ലക്ഷ്യമിടുന്നത്. കൃഷി, ആരോഗ്യം, നിർമാണം, നാനോടെക്നോളജി, ടൂറിസം തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ദർ യോഗത്തിൽ പങ്കെടുത്തു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ, സെൻട്രൽ ട്രാവൻകൂർ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് ഫാ. ഡോ. എബ്രാഹാം മുളമൂട്ടിൽ, ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്റർ ഡയറക്ടർ ഡോ. രാധാകൃഷ്ണൻ ഇ.കെ., സർവ്വകലാശാലയിലെ വിവിധ വകുപ്പ് മേധാവികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**: ധാരണാപത്രം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സെൻട്രൽ ട്രാവൻകൂർ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് ഫാ. ഡോ. എബ്രാഹാം മുളമൂട്ടിലിന് കൈമാറുന്നു.

(പി.ആർ.ഒ./39/953/2022)

## എം.ജി. യിൽ പുതിയ പി.ജി. കോഴ്സുകൾ

ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതിയ അക്കാദമിക പ്രോഗ്രാമുകൾ ആരംഭിക്കുന്നു. എം.എസ്.സി നാനോ ഫിസിക്സ്, എം.എസ്.സി. നാനോ കെമിസ്ട്രി, എം.ടെക്ക് എനർജി സയൻസ് ആന്റ് ടെക്നോളജി, എം.ടെക്ക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നീ പ്രോഗ്രാമുകളിൽ രണ്ട് വർഷ കോഴ്സ് (നാല് സെമസ്റ്ററുകൾ) ആണ് ആരംഭിക്കുന്നത്. ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ വ്യവസായ ഗ്രൂപ്പുകളും വിവിധ സർവ്വകലാശാലകളുമായി സംയോജിച്ചുള്ള വിവിധ പ്രോഗ്രാമുകളും ഈ കോഴ്സിന്റെ ഭാഗമായി നടത്തുന്നു. ഒരു വർഷത്തേക്കുള്ള ഫെല്ലോഷിപ്പോട്ടു കൂടി അന്താരാഷ്ട്ര പ്രോജക്ടിന് വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. സർവ്വകലാശാലയിലെ പ്ലേസ്മെന്റ് സെൽ മുഖേന

ഇന്ത്യയിലും വിദേശത്തും അവസരങ്ങൾ ലഭ്യമാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8281082083, 'materials@mgu.ac.in' .

(പി.ആർ.ഒ./39/954/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് വകുപ്പിൽ എം.എസ്.സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് (2022 അഡ്മിഷൻ) ബാച്ചിലേക്ക് എസ്.സി. വിഭാഗത്തിലും ഇതര വിഭാഗങ്ങളിലും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യത രേഖകളുമായി ജൂലൈ 25, 26 തീയതികളിൽ സർവ്വകലാശാല കൺവെർജെൻസ് അക്കാഡമിയ കോംപ്ലക്സിലുള്ള വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9446459644 എന്ന നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/955/2022)

## എം.ജി. യിൽ പുതിയ കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ജിയോളജിയിൽ പുതുതായി ആരംഭിച്ച എം.എസ്.സി. അപ്ലൈഡ് ജിയോളജി പ്രോഗ്രാം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രൊ വൈസ് ചാൻസലർ പ്രോഫ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് മേധാവി ഡോ. കെ.ആർ. ബൈജു, കോഴ്സ് കോർഡിനേറ്റർ ഡോ. കെ.എൻ. കൃഷ്ണകുമാർ, മുഖ്യാതിഥി ഡോ. സുനിൽ പി.എസ്. (കുസാറ്റ്), എ.സി.ഇ.എസ്.എസ്.ഡി ഡയറക്ടർ ഡോ. എ.പി. തോമസ് എന്നിവർ പ്രസംഗിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ജിയോളജിസ്റ്റുകൾ ഓൺലൈനായി വിദ്യാർത്ഥികളോട് സംവദിച്ചു.

പുതിയ കോഴ്സ് സർവ്വകലാശാലയുടെ ചരിത്രത്തിലെ ഒരു പുതിയ നാഴികക്കല്ലാകുമെന്നും, സമകാലിക പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ച പഠനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകുവാൻ ഈ കോഴ്സിന് സാധിക്കുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ വൈസ് ചാൻസലർ വ്യക്തമാക്കി. അന്താരാഷ്ട്ര സർവ്വകലാശാലകളുമായി സഹകരിച്ചു നടത്തപ്പെടുന്ന ഈ കോഴ്സ് ഉന്നത വിദ്യാഭ്യാസ രംഗത്തിന് മാറ്റ് കൂട്ടുമെന്ന് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പറഞ്ഞു.

(പി.ആർ.ഒ./39/956/2022)

## പ്രാക്ടിക്കൽ പരീക്ഷ

നാല്, അഞ്ച് സെമസ്റ്റർ ബി.വോക്് റിന്യൂവബിൾ എനർജി, റിന്യൂവബിൾ എനർജി മാനേജ്മെന്റ് (2015-2018 അഡ്മിഷൻ - സപ്ലിമെന്ററി / 2014 അഡ്മിഷൻ - മെഴ്സി ചാൻസ് - പഴയ സ്കീം)

ഏപ്രിൽ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 25, 26 തീയതികളിൽ കാലടി ശ്രീ ശങ്കര കോളേജിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/957/2022)

## വൈവാ വോസി

ആറാം സെമസ്റ്റർ ബി.എസ്.സി. കളിനറി ആർട്ട്സ് ആൻഡ് കാറ്ററിംഗ് ടെക്നോളജി സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ - റീ-അപ്പിയറൻസ്) ജൂൺ 2022 പരീക്ഷയുടെ വൈവാ വോസി പരീക്ഷ ജൂലൈ 29 ന് സൂര്യനെല്ലി മൗണ്ട് റോയൽ കോളേജിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/958/2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് 2022-23 പ്രിലിംസ് കം മെയിൻസ് കോച്ചിംഗ് പ്രോഗ്രാമിലേക്ക് ഒഴിവുള്ള സീറ്റുകളിൽ ഈ മാസം 25 മുതൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എസ്.എസ്.എൽ.സി. മുതൽ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് 20000, മറ്റുള്ളവർക്ക് 40000 ആണ് ഫീസ് നിരക്ക്. നിലിവിൽ മറ്റ് കോഴ്സുകൾ ചെയ്യുന്നവർക്കും ജോലിയുള്ളവർക്കുമായി ഓൺലൈൻ ബാച്ച് ഉണ്ടായിരിക്കും. താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ട് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് 9188374553, 9846802869 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/959/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**